മലമ്പുഴയിലേക്കൊരു വിനോദയാത്ര

പൂപ്പലം ദാറുൽഫലാഹ് ഇംഗ്ലീഷ് സ്കൂളിലെ വിദ്യാർത്ഥിനിയാണ് ഞാൻ. ഒരു ദിവസം ഞങ്ങളുടെ ക്ലാസ് ടീച്ചർ മലമ്പുഴയിലേക്ക് ഒരു വിനോദ യാത്ര പോകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് പറഞ്ഞു. പോകാൻ ഉദ്ദേശിക്കുന്നവർ പേര് നൽകാൻ പറഞ്ഞു. അങ്ങനെ ഞാൻ പേര് കൊടുത്തു. തുടർച്ചയായ ക്ലാസുകൾക്കും പരീക്ഷകൾക്കും ഇടയിൽ ആഹ്ലാദിക്കാൻ കിട്ടുന്ന അവസരമാണ് വിനോദ യാത്ര.

ഞങ്ങളെല്ലാം അബൂയ എന്ന് വിളിക്കുന്ന വല്യുപ്പ വിനോദ യാത്ര പോകാനുള്ള കാശ് തന്നു. പുറപ്പെടുന്നതിന്റെ തലേ ദിവസം അത്യാവശ്യ സാധനങ്ങൾ ഒരുക്കിവെച്ചു. രാവിലെ എട്ടരമണിക്കായിരുന്നു വിനോദ യാത്ര പുറപ്പെടേണ്ടിയിരുന്നത്. അതിനു മുമ്പ് തന്നെ ടീച്ചർമാരും കുട്ടികളും, യാത്രക്കുള്ള നാല് ടൂറിസ്റ്റ് ബസ്സുകളും സ്കൂളിലെത്തിയിരുന്നു. ഞങ്ങളുടെ വീട്ടിൽനിന്ന് സ്കൂളിലേക്ക് രണ്ടര കിലോമീറ്റർ ദൂരമുണ്ട്.




എന്നെ ഉമ്മയാണ് സ്കൂളിലെത്തിച്ചത്. കൃത്യ സമയത്തു തന്നെ ബസ്സുകൾ പുറപ്പെട്ടു. ഓരോ ബസ്സിലും കുട്ടികളുടെ കൂടെ ടീച്ചർമാർ ഉണ്ടായിരുന്നു. ബസ്സിൽ നല്ല രസമായിരുന്നു. പാട്ടും ഡാൻസുമെല്ലാമായി എല്ലാവരും വിനോദ യാത്ര ആസ്വദിച്ചു. രണ്ടര മണിക്കൂർ കൊണ്ട് ഞങ്ങൾ മലമ്പുഴയിലെത്തി.

ബ്രേക്ക് ഫാസ്റ്റ് കഴിച്ച ശേഷം ഫാന്റസി പാർക്കിൽ കയറി. പലതരം കളികളിൽ ഏർപ്പെട്ടു. രണ്ടാളുകൾക്ക് ഇരിക്കാൻ സൗകര്യമുള്ള കാറുകളും പുഴുവിന്റെ രൂപത്തിലുള്ള കൊച്ചു തീവണ്ടിയുമെല്ലാം അവിടെയുണ്ടാ



നഫീസത്തുൽ മിസ്‌രിയ ക്ലാസ്- 3
ഓൾ സൈന്റ്സ് പബ്ലിക് സ്കൂൾ, അടൂർ



മഹദിയ മെഹരിഷ ക്ലാസ്- 2
ഐഡിയൽ പബ്ലിക് സ്കൂൾ, കുറ്റ്യാടി

യിരുന്നു.

നെയ്ച്ചോറും ചിക്കൻകറിയുമായിരുന്നു ഉച്ചക്ക്. ഭക്ഷണശേഷം സ്വിമ്മിംഗ് പൂളിൽ പോയി. കുറേ സമയം വെള്ളത്തിൽ കളിച്ചു. പിന്നീട് വേവ് പൂളിലേക്ക് പോയി. കുറച്ചു നേരം അവിടെയും കളിച്ചു. പിന്നീട് തൂക്കുപാലത്തിൽ കയറി ഡാം കാണാൻ പോയി. തൂക്കുപാലത്തിലൂടെയുള്ള യാത്ര പേടിപ്പെടുത്തുന്നതാണെങ്കിലും രസകരമായിരുന്നു.

തൂക്കുപാലം ഇറങ്ങുന്ന സ്ഥലത്തുള്ള ചായക്കടയിൽ കയറി ചായയും പലഹാരവും കഴിച്ചു. സമീപത്തുണ്ടായിരുന്ന പാർക്കിലും കുറേനേരം കളിച്ചു. അവിടെ ചെറിയ പാളങ്ങളിൽ ഓടുന്ന കൊച്ചു ട്രെയിനിൽ കയറി പാർക്ക് മുഴുവൻ ചുറ്റിക്കണ്ടു. അതിനുശേഷം ഞങ്ങൾക്ക് സാധനങ്ങൾ വാങ്ങാനുള്ള സമയമായിരുന്നു. ഞാൻ ഒരു ഭംഗിയുള്ള തൊപ്പി മാത്രം വാങ്ങി.

വൈകുന്നേരം വരെ കാഴ്ചകൾ കണ്ടും പലതരം കളിതമാശകൾ ആസ്വദിച്ചും ഞങ്ങൾ മലമ്പുഴയിൽ നിന്ന് യാത്ര തിരിച്ചു. രാത്രി എട്ടുമണിയോടെ സ്കൂളിൽ തിരിച്ചെത്തുകയും ചെയ്തു.

ബസ്മ അൻവർ കെ.പി
ശാന്തപുരം



സ്വിബ റഹ്മാൻ വി.പി
ക്ലാസ്- 7
ജി.യു.പി.എസ് മങ്കട, പള്ളിപ്പുറം



മുഹമ്മദ് ഹാദി
ക്ലാസ്- 4
അൻസാർ ഇംഗ്ലീഷ് സ്കൂൾ, പെരുമ്പിലാവ്



വിനോദയാത്രകൾ

വിനോദയാത്രകൾ ഏവർക്കും ഇഷ്ടമാണ്. കുട്ടികൾക്ക് അതിലേറെ. ഭാരിച്ച സിലബസ്സിന്റെ യാന്ത്രികതയും സ്കൂളിന്റെ ചിട്ടവട്ടങ്ങളും അവരുടെ മനസ്സിനെ മുഷിപ്പിക്കുമ്പോൾ വിനോദയാത്രകൾ അവർക്ക് പുതിയ അനുഭൂതികളും അറിവും നൽകുന്നു. ഇത്തരം ഒരു വിനോദയാത്ര നടത്തിയ ഒരു കൂട്ടുകാരിയുടെ നൈസർഗികത കവിഞ്ഞൊഴുകുന്ന കുറിപ്പാണ് ഈ ലക്കത്തിൽ. ഈ യാത്രാവിവരണത്തിൽ മലമ്പുഴയിലേക്ക് കൂട്ടുകാരിക്കൊപ്പം നാമും സഞ്ചരിക്കുന്നു. ഹൃദ്യമായ രചന.

സസ്നേഹം

● മാഷ്

▸▸ ഇന്ത്യയിലെ ആദ്യത്തെ പ്രൊഫഷനൽ വോളിബാൾ താരം – ജിമ്മിജോർജ്